മുണ്ടേരി സർക്കാർ ഫാം

144(1972)ശ്രീമതി ആർ. ലതാദേവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുണ്ടേരി സർക്കാർ ഫാമിൽ നിലവിൽ എത്ര തെങ്ങുകൾ ഉണ്ട് എന്ന് അറിയിക്കുമോ;

(ബി) ഏറ്റവും അവസാനം എത്ര തേങ്ങ ഫാമിൽ വിളവെടുത്തു എന്ന് വെളിപ്പെടുത്തുമോ;

(സി) ഫാമിലെ ഓരോ തെങ്ങിനും നമ്പർ ഇട്ടിട്ടുണ്ടോ; ഇല്ലെങ്കിൽ നിയമസഭ സബ്ജക്ട് കമ്മിറ്റി നിർദ്ദേശിച്ചിട്ടും എന്തുകൊണ്ട് നമ്പരിട്ടില്ല എന്നത് വിശദമാക്കുമോ;

(ഡി) ആകെയുള്ള തെങ്ങുകളിൽ കായ്ക്കുന്നവ, കായ്ക്കാത്തവ, രോഗബാധയുള്ളവ എത്രയെണ്ണം വീതമെന്ന് അറിയിക്കുമോ?

ഉത്തരം

(എ) മുണ്ടേരി സർക്കാർ കൃഷി ഫാമിൽ നിലവിൽ 9792 തെങ്ങുകൾ ഉണ്ട്.

(ബി) 17,100 എണ്ണം

(സി) തെങ്ങുകൾക്ക് മുഴുവനും നമ്പർ ഇട്ടുകഴിഞ്ഞു.

(ഡി) ആകെയുള്ള തെങ്ങുകളിൽ കായ്ക്കുന്നവ 8369 എണ്ണവും, കായ്ക്കാത്തവ 902 എണ്ണവും രോഗ കീടബാധയുള്ളത് 521 എണ്ണവുമാണ്.

താൽക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്താൻ നടപടി

145(1974)ശ്രീ. വെങ്ങാനൂർ പി. ഭാസ്കരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കൃഷി ഫാമുകളിൽ 240 ദിവസം പണിയെടുത്തവർക്ക് സ്ഥിരനിയമനം നൽകുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഇതു സംബന്ധിച്ച് വിവിധ യൂണിയനുകളുടെ നിവേദനങ്ങൾ ലഭിച്ചിട്ടുണ്ടോ;

(സി) എങ്കിൽ അതിന്മേൽ എന്തു നടപടി സ്വീകരിച്ചിട്ടുണ്ട്;

(ഡി) ഇവർക്ക് സ്ഥിര നിയമനം നൽകുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്തെ കൃഷി ഫാമുകളിൽ കാഷ്വൽ തൊഴിലാളികളെ സ്ഥിരപ്പെടുത്തുന്നതിന് മുൻവർഷം 240 ദിവസം ജോലി ചെയ്തിരിക്കണമെന്ന് വ്യവസ്ഥയുണ്ടായിരുന്നു. ഈ വ്യവസ്ഥ 24.11.1999-ലെ സർക്കാർ ഉത്തരവ് (എം.എസ്.) 326/99 പ്രകാരം ഭേദഗതി ചെയ്തിട്ടുണ്ട്. ഇതനുസരിച്ച് കാഷ്വൽ തൊഴിലാളികൾക്ക് തെങ്ങ് ഫാമിൽ ജോലി ചെയ്തിട്ടുള്ള ആകെ ദിവസങ്ങളുടെ അടിസ്ഥാനത്തിലുള്ള സീനിയോറിറ്റി അനുസരിച്ച് സ്ഥിരം തൊഴിലാളി

LIBRARY ARCHIVES Kerala Legislative Assembly